**KERALA BANK**
Kerala State Co-operative Bank

Regional Office: Thiruvananthapuram
P.B.No. 5122
East Fort,Fort P O
Thiruvananthapuram-695023

## കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ടെൻഡർ കം ലേലത്തിലൂടെ വാഹനങ്ങൾ വിൽപ്പന ചെയ്യുന്നതിനുള്ള ടെൻഡറുകൾ ക്ഷണിക്കുന്നു.

### നിബന്ധനകളും വ്യവസ്ഥകളും

1. ടെൻഡർ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ തിരുവനന്തപുരത്ത് മാറാവുന്ന കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ പേരിലുള്ള 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റായി EMD ഹാജരാക്കുകയും 11.03.2025 ന് വൈകുന്നേരം 4.00 മണിക്ക് മുൻപ് പേര് രജിസ്റ്റർ ചെയ്യുകയും വേണം.
2. **17.03.2025 ന് രാവിലെ 11 മണിക്ക് ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ആഫീസ്, കിഴക്കേകോട്ട, EMS കോൺഫറൻസ് ഹാളിൽ** ലേലം ആരംഭിക്കുന്നതായിരിക്കും. ടെൻഡർ സബ്മിറ്റ് ചെയ്ത വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ മാത്രമേ ലേലത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളൂ.
3. ലേലം കം ടെൻഡർ എന്ന വ്യവസ്ഥയിലൂടെയാണ് വിൽപ്പന നടത്തുക വാഹനങ്ങളുടെ ലേല വേളയിൽ ഓരോ വാഹനങ്ങൾക്കും ക്വാട്ട് ചെയ്ത ഏറ്റവും ഉയർന്ന തുക (GST ഇല്ലാതെ) ലേല തുകയായി നിജപ്പെടുത്തുകയും തുടർന്ന് ടെൻഡർ കവർ തുറന്നു പരിശോധിക്കുമ്പോൾ ടെൻഡർ കവറിൽ ഓരോ വാഹനങ്ങൾക്കും രേഖപ്പെടുത്തിയിരിക്കുന്ന ഉയർന്ന തുക (GST ഇല്ലാതെ) ടെണ്ടറിന്റെ ഉയർന്ന തുകയായി നിശ്ചയിക്കുകയും ഇതിൽ (ടെൻഡർ/ലേലത്തിന്) ഉയർന്ന തുക ക്വാട്ട് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തികൾക്ക്/സ്ഥാപനത്തിന് ബാങ്കിന്റെ നിയമപരമായ നടപടികൾക്ക് ശേഷം വാഹനങ്ങൾ വിൽപ്പന നടത്തുന്നതായിരിക്കും. ക്വാട്ട് ചെയ്ത തുകയ്ക്ക് പുറമേ ലേലം കൊണ്ട വ്യക്തി/സ്ഥാപനം GST തുക കൂടി അടയ്ക്കേണ്ടതാണ്.

മറുപുറം...2

KERALA BANK
Kerala State Co-operative Bank

Regional Office: Thiruvananthapuram
P.B.No. 5122
East Fort,Fort P O
Thiruvananthapuram-695023



4. ലേലമോ/ടെണ്ടറോ സ്ഥിരീകരിക്കാനും ഒരു കാരണവും കാണിക്കാതെ വിൽപ്പന മറ്റൊരു ദിവസത്തിലേക്ക് മാറ്റിവെക്കാനും ലേല ഉദ്യോഗസ്ഥന് സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അത് ചോദ്യം ചെയ്യാൻ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവകാശം ഇല്ലാത്തതുമാകുന്നു.
5. വാഹനങ്ങളുടെ വിൽപ്പന സംബന്ധിച്ചു അന്തിമ തീരുമാനം ബാങ്കിൽ നിക്ഷിപ്തമാണ്. ഒരു കാരണവും സൂചിപ്പിക്കാതെ ടെൻഡർ/ബിഡ് എന്നിവ സ്വീകരിക്കാനും/നിരസിക്കാനും ഉള്ള അധികാരം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്.
6. ലേലം കൊണ്ട വ്യക്തി/സ്ഥാപനം വിൽപ്പന സ്ഥിതീകരിച്ചതിനു ശേഷം 5 ദിവസത്തിനുള്ളിൽ വിലയുടെ ബാക്കി തുക അടയ്ക്കുകയും അല്ലാത്ത പക്ഷം EMD തുക ബാങ്ക് വസൂലാക്കുന്നതുമായിരിക്കും.
7. 10,000/- രൂപയുടെ DD യും ടെണ്ടർ തുകയും വാഹനത്തിന്റെ നമ്പറും രേഖപ്പെടുത്തി സീൽ ചെയ്ത കവറും മറ്റൊരു കവറിൽ **ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, റീജിയണൽ ആഫീസ്, കിഴക്കേകോട്ട, തിരുവനന്തപുരം 695023** (ഫോൺ 0471-2451595) എന്ന വിലാസത്തിൽ 'വാഹനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ', വാഹന നമ്പർ എന്നിവ കവറിന് പുറത്ത് രേഖപ്പെടുത്തി സീൽ ചെയ്ത് അയക്കുകയോ, നേരിട്ട് തിരുവനന്തപുരം റീജിയണൽ ആഫീസിൽ സമർപ്പിക്കുകയുയോ ചെയ്തിരിക്കണം.
8. നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചു ലേലത്തിൽ/ടെൻഡറിൽ പങ്കെടുക്കുന്നവർ ഇതിന്റെ പകർപ്പ് ഒപ്പിട്ട് ടെണ്ടർ കവറിന്റെ കൂടെ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.

Sd/-

**ജനറൽ മാനേജർ**

സ്വീകരിച്ചു

ഒപ്പും തീയതിയും
പേര്
വിലാസം

KERALA BANK
Kerala State Co-operative Bank

Regional Office: Thiruvananthapuram
P.B.No. 5122
East Fort,Fort P O
Thiruvananthapuram-695023

04.03.2025

## വാഹനങ്ങളുടെ വിൽപ്പന സംബന്ധിച്ച്

ബാങ്കിന്റെ ഉടമസ്ഥതയിൽ ഉള്ള താഴെ പറയുന്ന വാഹനങ്ങൾ അവയോടൊപ്പം സൂചിപ്പിക്കുന്ന സ്ഥലങ്ങളിൽ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്.

| Sl.No. | Vehicle | Model | Current Location |
|---|---|---|---|
| 1. | KL 02 AE 3838 | 2010 | Kerala Bank, Regional Office, East fort, Tvpm. |
| 2. | KL O1 AZ 4276 | 2010 | Kerala Bank, Regional Office, East fort, Tvpm. |

ടി വാഹനങ്ങൾ വാങ്ങുന്നതിന് താൽപ്പര്യമുള്ളവർ 11.03.2025 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി ടെണ്ടർ സമർപ്പിക്കാൻ താൽപര്യപ്പെടുന്നു. പ്രസ്തുത വാഹനങ്ങൾ പരിശോധിക്കുന്നതിനായി പ്രവൃത്തി ദിവസങ്ങളിൽ (10am – 5 pm) Kerala Bank, Regional Office, East fort, GAD ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടേണ്ടതാണ്.

Sd/

ജനറൽ മാനേജർ